# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **5000** 06.02.2014-ൽ മറുപടിക്ക്

## സിവിൽ സർവ്വീസ് ബോർഡ് രൂപീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. എം.ഉമ്മർ**<br>**ശ്രീ. കെ.എം. ഷാജി**<br>**ശ്രീ. പി. ഉബൈദുള്ള**<br>**ശ്രീ. എൻ.ഷംസുദ്ദീൻ** | | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും സിവിൽ സർവ്വീസ് ബോർഡ് രൂപീകരിക്കണമെന്ന സുപ്രീം കോടതി നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;<br><br>ബി) പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതുകൊണ്ട് സിവിൽ സർവ്വീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിൽ ഉണ്ടാകുന്ന മാറ്റം, ജനങ്ങൾക്ക് അവരിൽ നിന്നും ലഭിക്കാവുന്ന നീതിയുക്തവും സത്വരവുമായ സേവനങ്ങൾ, ദോഷഫലങ്ങൾ എന്നിവ വിലയിരുത്തി യിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;<br><br>(സി) കോടതിനിർദ്ദേശം നടപ്പാക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (എ),<br>(ബി)<br>&<br>(സി) | സിവിൽ സെർവന്റ്സിന്റെ ട്രാൻസ്ഫർ, നിയമനം, അച്ചടക്ക നടപടി തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിന് ഉപദേശം നൽകുന്നതിനായി ഒരു സിവിൽ സർവ്വീസ് ബോർഡ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ രൂപീകരിക്കണമെന്ന് ശ്രീ. റ്റി.എസ്. ആർ.സുബ്രഹ്മണ്യനും മറ്റുള്ളവരും ഫയൽ ചെയ്ത WP(C) No. 82/2011, WP(C)No. 234/2011 എന്നീ റിട്ട്പെറ്റീഷനുകളിൽ ബഹു. സുപ്രീംകോടതി 31.10.2013-ൽ പുറപ്പെടുവിച്ച പൊതുവിധി ന്യായത്തിൽ നിർദ്ദേശിച്ചിരുന്നു. അഖിലേന്ത്യാ സർവ്വീസ് കേഡർ നിയമത്തിൽ സുപ്രീം കോടതി വിധിയിലെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്ര പേഴ്സണൽ മന്ത്രാലയം സമർപ്പിച്ച ഭേദഗതിയോട് യോജിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. 28.01.2014-ന് കേന്ദ്ര പേഴ്സണൽ മന്ത്രാലയം നിയമ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസിലെ നിയമനങ്ങളെ സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.